I/101582/2023

**മിഷൻ വാത്സല്യ**

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി , ഐ.എ.എസ് , ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ്)**

**ഉത്തരവ് നം. DWCD/3322/2023 - ICPS 4**

തിരുവനന്തപുരം,
തീയതി. 19-06-2023

---

വിഷയം: വനിത ശിശു വികസന വകുപ്പ് – ICPS (മിഷൻ വാത്സല്യ) – മലപ്പുറം CWC, JJB കളുടെ പ്രവർത്തനങ്ങൾക്കായി 2023 - 24 സാമ്പത്തിക വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് ഏക്സ്പെൻസ്, ഇനത്തിൽ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. മലപ്പുറം ഗവ. ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ അപേക്ഷ

2. കേന്ദ്ര സർക്കാർ ഉത്തരവ് CW-II-22/6/2022 -CW-II തീയതി:05/07/2022

കേന്ദ്ര വനിത ശിശു വികസന മന്ത്രാലയവും വനിത-ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന CWC, JJB കളുടെ നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി അഡ്മിനിസ്ട്രേറ്റീവ് ഏക്സ്പെൻസ് ഇനത്തിൽ 1,80,000/-രൂപയും, ചൈൽഡ് റിലേറ്റഡ് എക്സ്പെൻസ് 84,000/-രൂപയും പരാമർശം (2) പ്രകാരം പരമാവധി അനുവദിക്കാവുന്നതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ CWC, JJB കളുടെ നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി അഡ്മിനിസ്ട്രേറ്റീവ് ഏക്സ്പെൻസ് ഇനത്തിൽ ഇനത്തിൽ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മേൽ പരാമർശം (1) പ്രകാരം മലപ്പുറം ഗവ. ചിൽഡ്രൻസ് ഹോം സൂപ്രണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മലപ്പുറം CWC, JJB കളുടെ നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് അഡ്മിനിസ്ട്രേറ്റീവ് ഏക്സ്പെൻസ് ഇനത്തിൽ ആദ്യ ഗഡുവായി ആകെ **50,000/-രൂപ (അൻപതിനായിരം രൂപ മാത്രം)** ചുവടെ പട്ടിക പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| Sl.No | Organisation | CWC / JJB | Administrative Expense | Total |
|---|---|---|---|---|
| 1 | Gov.Childrens Home Boys, Malappuram | CWC | 30,000 | 30,000 |
| 2 | Gov.Childrens Home Boys, Malappuram | JJB | 20,000 | 20,000 |

| | | | | |
|---|---|---|---|---|
| | Grant Total | | 50,000 | 50,000 |

ടി തുക **50,000/-രൂപ (അൻപതിനായിരം രൂപ മാത്രം)** സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീംമിന്റെ വനിത ശിശു വികസന ഡയരക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ന്റെ 0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ വനിത ശിശു വികസന ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് ചുവടെ ചേർക്കും പ്രകാരമുള്ള കംപോനെന്റ്റ് കോഡ് അനുസരിച്ച് അനുവദിക്കേണ്ടതും, വനിത ശിശു വികസന ഓഫീസർമാർ തുക മേൽ പട്ടിക പ്രകാരം ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടിന്റെ സബ്സിഡറി അക്കൗണ്ടുകളിലേക്കും ഫണ്ട് അനുവദിക്കേണ്ടതാണ്.

| Item | Component | Code |
|---|---|---|
| CWC | Administrative Expense | 1.31.3 |
| JJB | Administrative Expense | 1.29.3 |

ടി തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് സ്ഥാപന മേധാവി താഴെപ്പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്:

1. സൂപ്രണ്ട് തുക കൈപ്പറ്റിയ വിവരം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

2. മേൽപ്പട്ടിക പ്രകാരം അനുവദിച്ച തുക ചെലവഴിച്ച് തീരുന്ന മുറയ്ക്ക് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ചെലവഴിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, കംബോണന്റ് വൈസ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയോടൊപ്പം ഓരോ കംബോണന്റിനും അധികം ആവശ്യമായ തുകയുള്ള പട്ടിക തയ്യാറാക്കി അപേക്ഷ ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതാണ്.

3. ടി തുക സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ കംബോണന്റ് തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

4. ഓരോ കംബോണന്റിനും അനുവദിച്ചിട്ടുള്ള തുക അതാതു കംബോണന്റുകൾക്ക് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ

(ഒപ്പ്)

I/101582/2023

വനിതാ ശിശു വികസന ഡയറക്ടർ

സൂപ്രണ്ട്, ഗവ. ചിൽഡ്രൻസ് ഹോം മലപ്പുറം

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, മലപ്പുറം
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 19-06-2023 19:23:34